**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 125**

**28.11.2018 ൽ**
**മറുപടിക്ക്**

**കേരള പോലീസ് നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) 2011-ലെ കേരള പോലീസ് നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>ബി) ചട്ടങ്ങൾ രൂപീകരിക്കാൻ നിയോഗിച്ച വിദഗ്ധസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>സി) സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ചട്ടങ്ങൾ എന്ന് നിലവിൽ വരുമെന്നറിയിക്കാമോ? | എ) യും ബി) യും സി) യും ഡി) യും 2011-ലെ കേരള പോലീസ് നിയമത്തിന് അനുസൃതമായി ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2011 ൽ നിലവിൽ വന്ന പോലീസ് നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കരട് വിജ്ഞാപനം സർക്കാർ തലത്തിൽ പരിശോധിക്കുകയും കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി ചട്ടങ്ങൾ പുന:സമർപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ